"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ എം പുതൂർ ഗോവിന്ദാപുരം മഹാഗണപതി ലോവർ പ്രൈമറി സ്കൂൾ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ . പി ( സി ) നം . 4575/2023- ൽ പുറപ്പെടുവിച്ച 10.02.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.7978/2023/GEDN തീയതി,തിരുവനന്തപുരം, 14-12-2023

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ എം പുതൂർ ഗോവിന്ദാപുരം മഹാഗണപതി ലോവർ പ്രൈമറി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 03/02/2023 ലെ പുന:പരിശോധനാ ഹർജിയും സ്റ്റേ പെറ്റീഷനും(Ext.P4 & P5).
2. ബഹു.കേരള ഹൈക്കോടതിയുടെ 10.02.2023-ലെ ഡബ്ല്യൂ .പി (സി) നം. 4575/2023- ന്മേലുള്ള വിധിന്യായം.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06/05/2023-ലെ വിബി 2/260069/2017/ഡിജിഇ നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 19/06/2023-ലെ ഡിഡിഇ/ബി 6/799/2023 നമ്പർ കത്ത്.
5. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/03/2023-ലെ എഫ്/162/2023 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് എം.പുത്തൂർ മഹാഗണപതി ലോവർ പ്രൈമറി സ്കൂളിലെ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ . പി ( സി ) നം. 4575/2023- ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം Ext. P4 പുന പരിശോധനാ ഹർജിയും മുതൽ Ext.P5 സ്റ്റേ പെറ്റീഷനും (പരാമർശം 1) ഹർജിക്കാരനെയും 5- ാം എതിർകക്ഷിയായ ടി സ്കൂൾ പ്രഥമാദ്ധ്യാപികയെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം 27.6.2023-ൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരനായ സ്കൂൾ മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

എം.ജി.എൽ.പി.സ്കൂൾ എം.പുത്തൂർ പ്രധാനാദ്ധ്യാപിക ശ്രീമതി.ടി.എസ്.സജിയുടെ

വേലവിലക്കിനാധാരമായ കാരണങ്ങളും വസ്തുതകളും പ്രതിപാദിച്ചുകൊണ്ട് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ ഹിയറിംഗ് നോട്ടും അനുബന്ധ രേഖകളും പരിശോധിക്കാതെയും, പരിഗണിക്കാതെയും പക്ഷപാതമായിട്ടാണ് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 30.1.2023-ൽ ഉത്തരവായത്. അതിനെതിരെ ഞാൻ 3.2.2023-ൽ റിവിഷൻ ഹർജി സമർപ്പിക്കുകയും ബഹു.ഹൈക്കോടതിയുടെ വിധിന്യായം താങ്കൾക്ക് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ആയത് പരിഗണിക്കാതെ 15.4.2023-ൽ ഉത്തരവാകുകയും ആയത് പ്രകാരം ശ്രീമതി.ടി.എസ്.സജിയെ സേവനത്തിൽ തിരിച്ചെടുത്ത് ഉത്തരവാകുകയുണ്ടായി.

ശ്രീമതി.ടി.എസ്.സജി പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ നം.64371/J1/82/GEDN തീയ്യതി 26.4.1988-ലെ സർക്കുലർ, കേരള സർക്കാർ ഉത്തരവ് GO (P)163/74/Fin. Dated 17.7.1974, കേരള സർക്കാർ Finance (Rules) Department Circular No.8/06/Fin dated 7th February 2006 എന്നീ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതുമൂലം വിദ്യാലയത്തിന്റെ പ്രവർത്തനത്തെയും കുട്ടികളുടെ പഠനത്തെയും ദോഷകരമായി ബാധിക്കുന്ന തുടർച്ചയായ പ്രവർത്തനവും മാനേജരെ പൊതു സമൂഹത്തിൽ അപകീർത്തിപ്പെടുത്താനും, സാമ്പത്തിക ക്രമക്കേടിൽ നിന്നും രക്ഷ നേടാനും പൊതുവിദ്യാഭ്യാസ വകുപ്പിനും, ബഹു. ജില്ലാ കളക്ടർക്കും, പോലീസിലും അവാസ്തവമായ കാര്യങ്ങൾ എഴുതി പരാതി നൽകുകയും കള്ളസാക്ഷികളായി ശ്രീമതി.ബി.ഗീതയെയും മറ്റ് അദ്ധ്യാപകരെയും ബഹു.ചിറ്റൂർ മജിസ്ട്രേറ്റ് കോടതിയിലും, മാനേജർക്കെതിരെ കളവായ മൊഴി നൽകുകയും കളവായ കാര്യങ്ങൾ കാണിച്ച് ബഹു.ഹൈക്കോടതിയിൽ നൽകിയ WP (C)4190/2018 ഉം ബഹു.കോടതികൾ വാദം കേട്ട് തള്ളിക്കളയുകയാണ് ചെയ്തിട്ടുള്ളത്. ശ്രീമതി.ടി.എസ്.സജിക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നം.DA01/2023-ന് നൽകുകയും ആയതിന് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 75 പ്രകാരം വിശദമായ അന്വേഷണം നടത്താൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ശ്രീമതി.ടി.എസ്.സജിക്ക് നൽകിയ വേലവിലക്ക് ഉത്തരവ് മേൽ വിവരിച്ച കാരണങ്ങളാലും താഴെ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ കൂടി പരിഗണിച്ച് അംഗീകരിച്ച് നൽകണമെന്നും ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ തിരിച്ചെടുക്കാനുള്ള ഉത്തരവ് റദ്ദാക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു. 30.1.2023-ലെ ടി ഉത്തരവിൽ വേലവിലക്ക് വിഷയവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ ശ്രീമതി. ബി. ഗീത അവധിയെടുക്കാനുള്ള കാരണം ന്യായമാണെന്ന് ബോധ്യപ്പെട്ടതിനാൽ പ്രധാന അദ്ധ്യാപികയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അവധി അനുവദിച്ചു.

ശ്രീമതി.ബി.ഗീതയ്ക്ക് 2022 ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പീസ്മീലായി ലീവ് അനുവദിക്കുകയും 18.10.2022 തീയ്യതി മുതൽ 22.12.2022 തീയതി വരെ 66 ദിവസം പരിവർത്തിതാവധി നടപടിക്രമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 18.10.2022 ന് അപേക്ഷ നൽകുകയും അന്നു തന്നെ ലീവ് അനുവദിച്ചതായി മാനേജരെ അറിയിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

18.10.2022 മുതലുള്ള അവധി റദ്ദാക്കി വിദ്യാലയത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ ശ്രീമതി.ബി.ഗീതയ്ക്ക് നിർദ്ദേശം നൽകാൻ പ്രധാനാദ്ധ്യാപിക ശ്രീമതി.ടി.എസ്.സജിക്ക് 20.10.2022 ന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് 30.9.2022 നാണ് ശ്രീമതി. ബി.ഗീതയുടെ മകൾ പ്രസവിച്ചതായും, നേരത്തെയുള്ള പ്രസവമായതിനാൽ അതീവ ശ്രദ്ധയും പരിചരണവും വേണമെന്നും, രോഗപ്രതിരോധ ശേഷി കുറവായതുകൊണ്ട് പ്രധാന അദ്ധ്യാപിക ശ്രീമതി.ടി.എസ്.സജിക്ക് നൽകിയ 21.10.2022-ലെ കത്തിലും, 14.12.2022-ന് മാനേജർ നൽകിയ

കത്തിന് മറുപടിയായി ശ്രീമതി.ബി.ഗീത 17.12.2022-ന് നൽകിയ മറുപടിയിലും വളരെ വ്യക്തമായും രേഖപ്പെടുത്തിയിരുന്നു.

എന്നാൽ 19.9.2022 മുതൽ 30.9.2022 വരെ പരിവർത്തിതാവധിക്കു ശേഷം 1.10.2022 മുതൽ 5.10.2022 വരെ പൂജാ അവധിയും 6.10.2022-ന് ഒപ്പുവയ്ക്കുകയും 7.10.2022-മ് ആകസ്മികാവധി എടുക്കുകയും 8.10.2022, 9.10.2022 (ശനി, ഞായർ) ശേഷം 10.10.2022 ന് ഒപ്പുവച്ച ശേഷം 11.10.2022, 12.10.2022, 13.10.2022,14.10.2022 എന്നീ ദിവസങ്ങളിൽ പരിവർത്തിതാവധി നൽകുകയും 17.10.2022ന് ഒപ്പുവച്ചശേഷം 18.10.2022 മുതൽ 66 ദിവസത്തെ പരിവർത്തിതാവധിയിൽ പ്രവേശിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയതിൽ നിന്നും കളവായ സംഗതികളാണ് ശ്രീമതി.ബി.ഗീത അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

21.12.2022-ന് പ്രധാന അദ്ധ്യാപിക ശ്രീമതി.ടി.എസ്.സജി, ശ്രീമതി.ബി.ഗീത, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് മാനേജർ അയച്ച കത്തിൽ 23.12.2023-ന് (ക്രിസ്തുമസ് അവധിക്കുമുമ്പ്) ജോലിയിൽ പ്രവേശിച്ച് വീണ്ടും പിന്നീട് അവധി എടുക്കാനുള്ള ഉദ്ദേശമാണ് ശ്രീമതി.ബി.ഗീത നടത്തുന്നതെന്നും 21.10.2022 ന് പ്രധാന അദ്ധ്യാപികയ്ക്ക് നൽകിയ അവധി ദീർഘിപ്പിക്കാൻ നിർദ്ദേശം നൽകാനും അപേക്ഷ സ്വീകരിക്കാനും നിർദ്ദേശിച്ചെങ്കിലും ആയത് ചെവികൊള്ളാതെയാണ് ശ്രീമതി.ടി.എസ്.സജി, ശ്രീമതി.ബി.ഗീതയെ 23.12.2022 ന് ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളത്.

20.10.2022നും, 13.12.2022നും, 21.12.2022നും നൽകിയ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളും, സർക്കുലറുകളും, കെ.എസ്.ആർ അദ്ധ്യായം IX ഭാഗം 1 ചട്ടം 65, ആർ.ടി.ഇ ആക്ട് 2009, റൂൾസ് 2011 എന്നിവയുടെ നഗ്നമായ ലംഘനമാണ് ശ്രീമതി.ടി.എസ്.സജി നടത്തിയിട്ടുള്ളത്. കെ.ഇ.ആർ, അദ്ധ്യയം XIV A ചട്ടം 58 (4) പ്രകാരം നിയമനാധികാരിയായ മാനേജരെ മുൻകൂട്ടി അറിയിക്കാതെ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് വിഘാതം സൃഷ്ടിക്കുകയും അധികാര ദുഷ്പ്രയോഗം നടത്തി അവധി അപേക്ഷ നൽകിയ ഉടൻ അനുവദിക്കുകയും ചെയ്ത നടപടി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചിട്ടില്ല. പീസ്മാലായി അവധി അനുവദിച്ചതിനെ സംബന്ധിച്ച് ഹാജർ പുസ്തകം പോലും പരിശോധിക്കാതെയാണ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുള്ളത്. കൂടാതെ കുറ്റപത്രത്തിലും കുറ്റാരോപണ പത്രത്തിലും ഉന്നയിച്ച ആരോപണങ്ങൾ വളരെയേറെ ഗൗരവമുള്ളതാകയാൽ ശ്രീമതി.ടി.എസ്.സജിക്കെതിരെ വിശദമായ അന്വേഷണം നടത്താനും അച്ചടക്ക നടപടി തുടരാനും ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദാക്കാനും ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

3. ശ്രീമതി.ടി.എസ്.സജി, ഹെഡ്മിസ്ട്രസ് (റിട്ട)- ന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

എം.ജി.എൽ.പി.എസ്, എം.പുത്തൂർ ഹെഡ്മിസ്ട്രസ് ശ്രീമതി.ടി.എസ്.സജിയെ, സ്കൂൾ മാനേജർ 18.1.2023-ലെ DA01/2023 നമ്പർ ഉത്തരവിലൂടെ 15 ദിവസത്തേക്ക് സസ്പെൻഷനിൽ നിർത്തി. എന്നാൽ ഈ സസ്പെൻഷൻ നടപടിയെ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ല. 30.1.2023-ലെ എഫ്1/163/2023 നമ്പർ ഉത്തരവിലൂടെ വേലവിലക്കിലുള്ള പ്രധാനാദ്ധ്യാപികയായ ശ്രീമതി.ടി.എസ്.സജിയെ വേലവിലക്ക് ഏർപ്പെടുത്തിയ തീയതി (18.1.2023) മുതൽ സേവനത്തിൽ തിരിച്ചെടുക്കാൻ മാനേജർക്കു നിർദ്ദേശം നൽകികൊണ്ട് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി.

കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽ ഉത്തരവിനെതിരെ, സ്കൂൾ മാനേജർ 3.2.2023ന് സർക്കാർ മുമ്പാകെ രണ്ടു ഹർജികൾ സമർപ്പിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ

ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടുള്ള സ്റ്റേ ഹർജിയായിരുന്നു ഒന്ന്. മറ്റേതാകട്ടെ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരായിട്ടുള്ള റിവിഷൻ ഹർജിയും.

മേൽ സ്റ്റേ പെറ്റീഷനും റിവിഷൻ പെറ്റീഷനും സമയബന്ധിതമമായി തീർപ്പാക്കാൻ സർക്കാരിനു നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്കൂൾ മാനേജർ ബഹു.കോടതി മുമ്പാകെ WP © 4575/2023 നമ്പരായി കേസും ഫയൽ ചെയ്തു. പ്രസ്തുത കേസ് തീർപ്പാക്കികൊണ്ട് 10.2.2023-ൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

1. വിധിന്യായത്തിന്റെ പകർപ്പ് കിട്ടി രണ്ട് ആഴ്ചകൾക്കകം സ്റ്റേ ഹർജി (Ext.P4) തീർപ്പാക്കണം.

2. വിധിന്യായത്തിലെ പകർപ്പ് കിട്ടി നാലുമാസത്തിനകം റിവിഷൻ ഹർജി (Ext.P4) തീർപ്പാക്കണം.

മേൽ വിധിന്യായം പരാമർശിക്കാതെയാണെങ്കിലും, മാനേജരുടെ 3.2.2023-ലെ പുന:പരിശോധനാ ഹർജി, വിശദമായ പരിശോധനക്കു ശേഷം, നിരസിച്ചു കൊണ്ട് GO(Rt) 2428/2023 dated 15.4.2023 സർക്കാർ ഉത്തരവ് പ്രകാരം തീർപ്പ് കൽപ്പിക്കുകയാണുണ്ടായത്. സ്റ്റേ ഹർജിയിന്മേലുള്ള തീർപ്പും, പ്രത്യേകം പരാമർശിച്ചിട്ടില്ലെങ്കിലും, ഈ ഉത്തരവിൽ ഉൾച്ചേർത്തിട്ടുണ്ട് എന്ന് സ്പഷ്ടം. ഈ സാഹചര്യത്തിൽ ഹിയറിംഗിന്റെ അടിസ്ഥാനത്തിലും മേൽ ഉത്തരവിലെ തീർപ്പു തന്നെ സാധൂകരിച്ച് തുടർ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

4. വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എം.ജി.എൽ.പി..എസ്, എം.പുതുരിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി.സജി.ടിഎസ്, എൽ.പി.എസ്.റ്റി ശ്രീമതി.ഗീത.ബി-ക്ക് പീസ്മാലായി അവധി അനുവദിച്ചതുമൂലം വിദ്യാലയത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും, ഇപ്രകാരം അവധിയിൽ പ്രവേശിക്കുമ്പോൾ മാനേജർക്ക് പകരം സംവിധാനം ഒരുക്കാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. കൂടാതെ 66 ദിവസത്തെ അവധിക്കു ശേഷം 23.12.2022-ന് ക്രിസ്തുമസ് അവധിക്ക് മുൻപായി ജോലിയിൽ പ്രവേശിപ്പിച്ചത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്തു എന്നീ കാരണങ്ങളാൽ ബന്ധപ്പെട്ട സ്കൂൾ മാനേജർ ശ്രീമതി.ടി.എസ്.സജിയെ 18.1.2023 തീയ്യതി മുതൽ 15 ദിവസത്തേക്ക് വേലവിലക്ക് ഏൽപ്പെടുത്തുകയും പ്രാഥമിക അന്വേഷണം നടത്തി വേലവിലക്ക് കാലയളവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന് അനുവാദം നൽകാനും കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് അപേക്ഷിച്ചിരുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് 24.1.2023 തീയ്യതി കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വേലവിലക്ക് വിഷയവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ ശ്രീമതി.ബി.ഗീത അവധി എടുക്കാനുള്ള കാരണം ന്യായമാണെന്ന് ബോധ്യപ്പെട്ടതിനാൽ പ്രധാനാദ്ധ്യാപികയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അവധി അനുവദിച്ചു. അപ്രകാരം അനുവദിച്ച അവധി കെ.ഇ.ആർ ചാപ്റ്റർ XIV-A ചട്ടം 58 (4) -ൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരം ആവശ്യമായ പകരം ഏർപ്പാട് ചെയ്യാൻ സാധിക്കുന്നതിന് വേണ്ടി മാനേജർക്ക് ഉത്തരവിന്റെ പകർപ്പും നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി.സജി, കെ.ഇ.ആർ-ലെ വ്യവസ്ഥകൾ പ്രകാരം പ്രധാനാദ്ധ്യാപികയിൽ നിക്ഷിപ്തമായ ചുമതലകൾ മാത്രമേ നിർവ്വഹിച്ചിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടു. ശ്രീമതി.സജിയെ സസ്പെന്റ് ചെയ്യാൻ തക്കതായ കാരണങ്ങൾ ഒന്നും അന്വേഷണത്തിൻ കണ്ടെത്താൻ സാധിച്ചിട്ടില്ല. ആയത് കൊണ്ടു തന്നെ വേലവിലക്ക് ചെയ്ത മാനേജരുടെ നടപടി നിലനിൽക്കാത്തതിനാലും കെ.ഇ.ആർ അദ്ധ്യായം XIV-A റൂൾ 67 (8) പ്രകാരം വേലവിലക്കിലുള്ള പ്രധാനാദ്ധ്യാപികയായ ശ്രീമതി.ടി.എസ്.സജിയെ

വേലവിലക്ക് ഏർപ്പെടുത്തിയ തീയതി (18.01.2023) മുതൽ സേവനത്തിൽ തിരിച്ചെടുക്കാൻ മാനേജർക്ക് ഉത്തരവ് 30.1.2023-ന് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയിരുന്നു. 20.5.2023-ലെ മാനേജരുടെ ഉത്തരവ് നമ്പർ ഡിഎ1/2023 പ്രകാരം ശ്രീമതി.ടി.എസ്.സജിയെ വേലവിലക്ക് പിൻവലിച്ച് ഉടൻ പ്രാബല്യത്തിൽ ടിയാരിയെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ടി.എസ്.സജി 22.5.2023-ന് സേവനത്തിൽ പ്രവേശിച്ചതായും അറിയിച്ചിട്ടുണ്ട്. ശ്രീമതി.ടി.എസ്.സജിയുടെ വേലവിലക്കിൽ മതിയായ കാരണങ്ങൾ കാണാത്തതിനാൽ വേലവിലക്ക് തീയതി മുതൽ തന്നെ ജോലിയിൽ പ്രവേശിപ്പിക്കാവുന്നതാണെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

5. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. WP © No. 4575/2023-ന്റെ വിധിന്യായത്തിൽ രണ്ടാഴ്ചയ്ക്കകം സ്റ്റേ പെറ്റീഷൻ പരിഗണിച്ച് തീരുമാനമെടുക്കുവാനും, നാല് മാസത്തിനകം റിവിഷൻ ഹർജി പരിഗണിച്ച് തീരുമാനമെടുക്കുവാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ WP © വകുപ്പിൽ ലഭ്യമാകുന്നതിന് മുൻപ് ടിയാൻ സമർപ്പിച്ച റിവിഷൻ ഹർജി ഹിയറിംഗ് നടത്താതെ തീർപ്പാക്കിയിരുന്നു. ആയതിൻ പ്രകാരം ശ്രീമതി.ടി.എസ്.സജിയെ 18.1.2023 മുതൽ 15 ദിവസത്തേക്ക് വേലവിലക്കിൽ നിർത്തുന്നതിന് സ്കൂൾ മാനേജർ ആധാരമാക്കിയ കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്ന് കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ കോടതി വിധിയിൽ പരാമർശിക്കുന്ന വിധം ഹർജി ഹിയറിംഗ് നടത്തി പുന:പരിശോധിക്കണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെടുകയും, 27.6.2023-ൽ ടിയാനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയുമുണ്ടായി. വിഷയം വിശദമായി പരിശോധിച്ചതിൽ, ടി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി.ബി.ഗീതയ്ക്ക് പീസ്മീലായി അവധി അനുവദിച്ചതുമൂലം വിദ്യാലയത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചുവെന്നും, ആയതിനാൽ പകരം സംവിധാനം ഒരുക്കാൻ കഴിഞ്ഞില്ല എന്നും 66 ദിവസത്തെ അവധിക്ക് ശേഷം 23.12.2022-ന് ക്രിസ്തുമസ് അവധിക്ക് മുൻപായി ജോലിയിൽ പ്രവേശിച്ചത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്തു എന്നീ കാരണങ്ങളാൽ മാനേജർ ഹെഡ്മിസ്ട്രസ് ശ്രീമതി.ടി.എസ്.സജിയെ 18.1.2023 തീയ്യതി മുതൽ 15 ദിവസത്തേക്ക് വേലവിലക്ക് ഏർപ്പെടുത്തുകയും, കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 24.1.2023-ൽ പ്രാഥമിക അന്വേഷണം നടത്തുകയും ചെയ്തു. ശ്രീമതി.ടി.എസ്. സജി കെ.ഇ.ആർ-ലെ വ്യവസ്ഥകൾ പ്രകാരം അധികാരപരിധിക്കുള്ളിൽ നിന്ന് മാത്രമാണ് ശ്രീമതി.ബി.ഗീതയ്ക്ക് അവധി അനുവദിച്ചിട്ടുള്ളതെന്നും, പകരം അദ്ധ്യാപികയെ ചുമതലപ്പെടുത്തുന്നതിനായി അവധി അനുവദിച്ച വിവരം യഥാസമയം മാനേജരെ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീമതി.സജിയെ 18.1.2023 മുതൽ വേലവിലക്കിൽ നിർത്തുന്നതിന് സ്കൂൾ മാനേജർ ആധാരമാക്കിയ കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എം.പുതുർ മഹാഗണപതി ലോവർ പ്രൈമറി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച Ext P5 സ്റ്റേ പെറ്റീഷനും, Ext-P4 റിവിഷൻ ഹർജിയും (പരാമർശം1) നിരസിച്ച് തീർപ്പാക്കിയും, കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 30.1.2023-ലെ

എഫ്/163/2023 നമ്പർ നടപടിക്രമം നിലനിർത്തിയും അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട് ജില്ല.

മാനേജർ, മഹാഗണപതി ലോവർ പ്രൈമറി സ്കൂൾ, എം.പുതൂർ, ഗോവിന്ദാപുരം, പാലക്കാട്.

ശ്രീമതി. റ്റി. എസ്സ്. സജി, ചാലിശ്ശേരി വീട്, ചെട്ടിത്തറ, വട്ടക്കാട്. പി ഒ, കൊല്ലങ്കോട്, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 21-12-2023 16:11:20
സെക്ഷൻ ഓഫീസർ